"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 'വിദ്യാകിരണം' പദ്ധതി - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പോർട്ടലുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതു വിദ്യഭ്യാസ (ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.3609/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 10/08/2021

---

പരാമർശം:-

1. സ.ഉ(സാധാ) നം. 1756/2020/പൊ.വി.വ തീയതി 29.05.2020
2. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 09.06.2021-ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
3 സ.ഉ(സാധാ) നം.3302/2021/പൊ.വി.വ തീയതി 08.07.2021
4 സ.ഉ(സാധാ) നം.3337/2021/പൊ.വി.വ തീയതി 09.07.2021
5 ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈൻ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് 20.07.2021-ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ചെയ്യാനും അത് എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്നും അധ്യാപകർ തുടർപിന്തുണ നൽകണമെന്നും നിഷ്കർഷിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഡിജിറ്റൽ ക്ലാസുകൾക്ക് പുറമെ കുട്ടിക്ക് നേരിട്ട് അവരുടെ അധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കണമെന്ന പരാമർശം-2 യോഗതീരുമാനപ്രകാരം ഓൺലൈൻ വിദ്യാഭ്യാസം സാധ്യമാക്കാനുള്ള ജിസ്യൂട്ട് പ്ലാറ്റ്ഫോം, കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സജ്ജമാക്കുകയും അതിനനുസരിച്ചുള്ള പൈലറ്റ് പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടത്തിവരികയുമാണ്.

3. സംസ്ഥാനത്ത് ഡിജിറ്റൽ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് വിപുലമായ ക്യാമ്പയിൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി സംസ്ഥാന-ജില്ലാ-തദ്ദേശ സ്വയംഭരണ സ്ഥാപന-സ്കൂൾ തലങ്ങളിൽ വിവിധ സമിതികൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വിശദീകരിക്കുന്ന പ്രവർത്തന രൂപരേഖ പരാമർശം 3 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ സമൂഹ-സഹായത്തോടെ മാത്രം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടവരുടെ കണക്ക് പരാമർശം 4 ലെ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

4. മേൽ സർക്കാർ ഉത്തരവുകളുടേയും യോഗതീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം പൂർണമായ തോതിൽ

നടപ്പാക്കാനായി ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികൾക്ക് സമൂഹ-സഹായത്തോടെ അവ ലഭ്യമാക്കാൻ 'വിദ്യാകിരണം' (**www.vidyakiranam.kerala.gov.in**) എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്.

5. 'വിദ്യാകിരണം' പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. വിദ്യാകിരണം പോർട്ടലിൽ ജില്ല, നിയമസഭാ മണ്ഡലം, തദ്ദേശ സ്വയംഭരണ സ്ഥാപനം, സ്കൂൾ എന്നിങ്ങനെ തരംതിരിച്ച് ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ എണ്ണം കാണുന്നതിന് സൗകര്യമൊരുക്കേണ്ടതാണ്. വ്യക്തികൾക്ക്/ഗ്രൂപ്പുകൾക്ക്/കമ്പനികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിലേയോ സ്കൂളുകളിലേയോ കുട്ടികളുടെ എണ്ണത്തിനനനുസൃതമായോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയായോ സംഭാവനകൾ നൽകാൻ ഓൺലൈൻ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. വിദ്യാകിരണം പോർട്ടലിൽ വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും പ്രത്യേകം സംഭാവനകൾ നൽകാൻ സൗകര്യമുണ്ടായിരിക്കണം. ഇവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ സബ് ഹെഡായി ധനവകുപ്പിന്റെ ഒരു പ്രത്യേക അക്കൗണ്ടിൽ ശേഖരിക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ധനവകുപ്പ് ഓൺലൈൻ രശീതി നൽകേണ്ടതാണ്. ഇൻകം ടാക്സ് ആക്ട് 1961 ന്റെ 80ജി(2) വകുപ്പ് പ്രകാരം ഈ തുക പൂർണമായും ആദായനികുതി വിമുക്തമായിരിക്കും.
3. കമ്പനീസ് ആക്ട് 2013 പ്രകാരം കമ്പനികളുടെ സി.എസ്.ആർ പദ്ധതിയിലുൾപ്പെടുത്തി ലഭിക്കുന്ന സഹായങ്ങൾ സ്വീകരിക്കാൻ പോർട്ടലിൽ പ്രത്യേക സൗകര്യമൊരുക്കണ്ടതും ഇത്തരം സഹായങ്ങൾ കൈറ്റിന്റെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.
4. മേൽ അക്കൗണ്ടുകളിലൂടെ ശേഖരിക്കുന്ന തുക കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ നൽകാൻ മാത്രം ചെലവഴിക്കേണ്ടതാണ്.
5. വിദ്യാകിരണം പോർട്ടലിന്റെ വികസനവും പരിപാലനവും സിഡിറ്റിന്റെ ചുമതലയിലും ഉപകരണങ്ങൾ ആവശ്യമായ കുട്ടികളുടെ എണ്ണം പോർട്ടലിലേക്ക് ലഭ്യമാക്കേണ്ടത് 'സമ്പൂർണ' പോർട്ടലിലൂടെ കൈറ്റും ആയിരിക്കണം.
6. വിദ്യാകിരണം/കൈറ്റ് അക്കൗണ്ടുകളിൽ ലഭ്യമാകുന്ന തുകയിൽ നിന്നും ആവശ്യകതയ്ക്കനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതിനായുള്ള നടപടിക്രമങ്ങൾ ഐടി വകുപ്പ് പ്രത്യേകം തയ്യാറാക്കി പുറപ്പെടുവിക്കേണ്ടതാണ്.
7. വിദ്യാകിരണം പദ്ധതി വഴി നൽകുന്ന ലാപ്ടോപ്പുകൾ അതത് സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതും, സ്കൂളുകൾ ഇത് പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി കുട്ടികൾക്ക് താൽക്കാലികാടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതുമാണ്. ഈ ഘട്ടത്തിൽ കുട്ടിയുടെ രക്ഷിതാവും സ്കൂളും തമ്മിൽ പ്രത്യേകം ധാരണാപത്രം ഒപ്പിടേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കും.
8. കുട്ടികൾക്ക് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അവയുടെ എണ്ണം അതത് സ്കൂളുകൾ സമ്പൂർണ പോർട്ടൽ വഴി കുറവ് വരുത്തേണ്ടതാണ്.
9. വിതരണം ചെയ്യുന്ന ലാപ്ടോപ്പുകൾ ഫലപ്രദമായും സുരക്ഷിതമായും

ഉപയോഗിക്കുന്നതിനുള്ള പ്രത്യേക പരിശീലനം കുട്ടികൾക്കും രക്ഷിതാക്കൾക്കും കൈറ്റ് നൽകേണ്ടതാണ്.

10. നിലവിൽ കുട്ടികൾക്ക് സാമൂഹ്യ പങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ ജില്ലാതലത്തിലും തദ്ദേശ ഭരണ സ്വയംസ്ഥാപന തലത്തിലും നടത്തുന്ന സമാന പ്രവർത്തനങ്ങളെല്ലാം ഇനി മുതൽ 'വിദ്യാകിരണം' പദ്ധതിയുടെ ഭാഗമായി മാറ്റേണ്ടതാണ്.

11. വിദ്യാകിരണം പദ്ധതിക്കാവശ്യമായ വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പരാമർശം 4 ഉത്തരവിൽ പ്രതിപാദിച്ച വിവിധ തലങ്ങളിലുള്ള സമിതികളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാവകുപ്പുമേധാവികൾക്കും
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@സ്കൂൾ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർമാർ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ
ജില്ലാ പഞ്ചായത്തി സെക്രട്ടറിമാർ
ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 10-08-2021 15:07:46
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ ബഹു.മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
വിവര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്